കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/1785/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 11-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.14/1785/2017 തിയ്യതി: 11-09-2017

**മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-05-2016 മുതൽ 13-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-07-2017 മുതൽ 22-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സരോജിനി കെ പി | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. രാമകൃഷ്ണൻ പി | 01.04.2016 മുതൽ 15.03.2017 വരെ |
| ശ്രീ. രമേഷ് പി<br>(സെക്രട്ടറി ഇൻ ചാർജ്) | 16.03.2017 മുതൽ 23.03.2017 വരെ |
| ശ്രീ. രാജശേഖരൻ പി | 24.03.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രമേഷ് പി | 01.04.2016 മുതൽ<br>31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ സന്തോഷ് കുമാർ | 01.04.2016 മുതൽ<br>31.08.2016 വരെ |

| | | |
|---|---|---|
| | ശ്രീ. ഉദയകുമാർ സി | 01.09.2016 മുതൽ 28.10.2016 വരെ |
| | ശ്രീ. സന്തോഷ് കുമാർ | 29.10.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വേലായുധൻ സി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജംഷീദ് കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. അനീഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കമലാഭായി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ബീരാൻ കുട്ടി കുന്നത്ത് | 01.04.2016 മുതൽ 05.02.2017വരെ |
| | ശ്രീ.അബ്ദു റഷീദ് സി | 06.02.2017 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുന്ദര | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല | 2-1 | |
| 13 | തൊഴിൽ നികുതി പിരവിലെ അപാകതകൾ | 2-2 | |
| 14 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്ന | 2-3 | |

| | | | |
|---|---|---|---|
| 15 | വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 2-4 | |
| 16 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ | 2-5 | |
| 17 | ഇ- ടെണ്ടർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല- ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല | 2-6 | |
| 18 | എൻ.ആർ.ജി.എസ് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലും, വരവും യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. | 2-7 | |
| 19 | പഞ്ചായത്ത് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഓൺലൈനായി ഇ-സബ്മിഷൻ ചെയ്ത വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല | 2-8 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.46 കോടി അസാധുവായി (Lapsed) | 3-1 | |
| 21 | കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല പ്രവർത്തനക്ഷമമല്ല | 3-2 | |
| 22 | ആവശ്യമില്ലാത്തയിനം പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി- ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് | 3-3 | |
| 23 | അംഗൻവാടി പോഷകാഹാര പദ്ധതി - സർക്കാർ നിർദ്ദേശം പാലിക്കാതെ ഭക്ഷ്യ വസ്തുക്കൾക്ക് അധിക വില നൽകി | 3-4 | |
| 24 | മരുന്ന് ലഭ്യമാക്കാതെ ഔഷധി കരാറുടമ്പടി ലംഘിച്ചു | 3-5 | |
| 25 | മുൻകൂർ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകളൊന്നും ലഭ്യമാക്കിയില്ല | 3-6 | |
| 26 | തുടർ സാക്ഷരതാ പദ്ധതി കാര്യക്ഷമമല്ല | 3-7 | |
| 27 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല | 3-8 | |
| 28 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികതുക നല്കിയത് - അംഗീകരിക്കുന്നില്ല | 3-9 | |
| 29 | വിനിയോഗസാക്ഷ്യപത്രം കൈപ്പറ്റ് ലഭിച്ചിട്ടില്ല | 3-10 | |
| 30 | മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി - എണ്ണക്കമ്പനികൾക്ക് അധിക തുക നൽകി. | 3-11 | |
| 31 | പഞ്ചായത്ത് കളിസ്ഥലം ഉപയോഗപ്രദമാക്കിയിട്ടില്ല | 3-12 | |
| 32 | കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക നിക്ഷേപിച്ചു- വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 15-03-2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 10-03-2017 ലെ 6(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 14/06/2017 | 17/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14-07-2017 മുതൽ 16-07-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് ഓൺലൈനായി എയിംസ് സോഫ്റ്റ്‌വെയറിൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഓഫ്‌ലൈനായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസമുണ്ട്

| ഇനം | ഓൺലൈൻ വാർഷിക ധനകാര്യ പത്രിക | ഓഫ്‌ലൈൻ വാർഷിക ധനകാര്യ പത്രിക |
|---|---|---|
| തൻവർഷ വരവ് | 5,28,38,141 | 5,28,73,421 |
| തൻവർഷ ചെലവ് | 4,85,74,465 | 4,86,09,745 |

2. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല, വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

3.ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ ബി-1 പ്രകാരം 2015-16 ലെ ക്ലോസിംഗ് ബാലൻസ് 2016-17 ലേക്ക് ക്യാരി ഫോർവേഡ് ചെയ്തപ്പോൾ താഴെ കാണുന്ന വ്യത്യാസം ഉണ്ട്.

| ഇനം | 2015-16 നീക്കിയിരിപ്പ് | 2016-17മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|
| പഞ്ചയാത്ത് ഫണ്ട് - ജനറൽ ഫണ്ട് | 1,37,32,598.95 | 137,32,698.95 | 100 |
| Excess of income over Expenditure | 53,69,043 | 53,69,043 | 0 |
| Total Panchayat Fund | 1,91,01,641.95 | 1,91,01,741.95 | 100 |

4.സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി തുടങ്ങിയിട്ട് അഞ്ചു വർഷമായെങ്കിലും സോഫ്റ്റ്‌വെയർ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് പൂർണ്ണ സജ്ജമായിട്ടില്ല എന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

5. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഓരോ വർഷാവസാനവും വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് രജസ്റ്റർ എന്നിവ തയ്യാറാക്കി, സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ചതിന്റെയും മറ്റു പ്രധാന രേഖപ്പെടുത്തലുകളുടെ സംഗ്രഹം വാർഷിക ധനകാര്യപത്രികയോട് കൂടെ സൂക്ഷിക്കേണ്ടതാണ്.

7. 2015-16 വർഷം മുതൽ പുതിയതായി ആർജ്ജിച്ച ആസ്തികളെ (റോഡുകൾ, അങ്കണവാടി കെട്ടിടങ്ങൾ, കിണർ, ടാങ്ക് മുതലായവ) ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസവും അതാതു സമയം തന്നെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
9.പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ കഴിഞ്ഞ വർഷത്തെ അതേ തുക തന്നെയാണ് വെച്ചിട്ടുള്ളത്. ഓരോ വർഷവും കുടിശ്ശികയ്ക്കാനുപാതികമായി പ്രോവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

10. ബാലൻസ് ഷീറ്റിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിനു പകരം Muncipal (General) Fund എന്നാണ്, ആയത് മാറ്റം വരുത്തിയിട്ടില്ല.

11. എൻ ആർ ഇ ജി എസ് - കേരള ഗ്രാമീൺ ബാങ്ക്

| | വാർഷിക ധനകാര്യപത്രിക | എൻ.ആർ. ഇ.ജി.എസ്. section |
|---|---|---|
| മുൻബാക്കി | 1,787<br>[RP- 40 (a)] | 1,787 |
| തൻവർഷ വരവ് | 5,85,065<br>[RP- 31]- Centrally Sponse- General | 596210 |
| EFMS വരവ് | 1,07,29,076 | 1,07,29,076 |
| ആകെ വരവ് തുക | 1,13,15,928 | 1,13,27,073 |
| ചെലവ് തുക | 3,88,125 [RP- 16]-<br>Total Poverty Alleviation Programs- General | 593871 |
| EFMS ചെലവ്- | 1,07,29,076 | 1,07,29,076 |
| ആകെ ചെലവ് തുക | 1,11,17,201 | 1,13,22,947 |
| നീക്കിയിരിപ്പ് | 1,98,727<br>യഥാർത്ഥത്തിൽ കാണിച്ചിരിക്കുന്നത് 4126 | 4126 |

[Income and Expenditure I-6 വരവ് & I-14(a) ചെലവ് = 1,13,13,647

തൊഴിലുറപ്പ് ഓഫീസിൽ നിന്ന് ലഭിച്ച കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

12. പണമിടപാടുകൾ നടക്കാത്ത താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ബാങ്ക് | നീക്കിയരിപ്പ് തുക<br>(വാർഷിക ധനകാര്യ പത്രിക പ്രകാരം) |
|---|---|
| SMGB - അച്ചനമ്പലം (ഒ.എ.പി)<br>അക്കൗണ്ട് നമ്പർ : 3923 | 2,377 |

13. വാർഷിക ധനകാര്യപത്രിക ബി -18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ മുൻകൂറായി നിർവഹണ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ തുക ക്രമീകരിക്കേണ്ടതാണ്.

| ക്ര.ന | നിർവഹണ ഏജൻസി | മുൻകൂർ തുക |
|---|---|---|
| 1 | Advance to Implementing Agencies –<br>Deposit with Kerala Water Authority | 8,20,000 |
| 2 | Advance to Implementing Agencies –<br>Deposit with Kerala Ground Water Department | 5,51,060 |
| 3 | Other Deposits | 1017 |
| | ആകെ | 13,72,077 |

14. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാക്കി പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

15. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,18,80,808.95 |
| വരവ് | 5,28,73,421 |
| ആകെ | 7,47,54,229.95 |
| ചെലവ് | 4,86,09,745 |
| നീക്കിയിരിപ്പ് | 2,61,44,484.95 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്ട് മെന്റ് ) | ആകെ വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യ പത്രിക പ്രകാരം | ചെലവ ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,31,80,682 | 1,31,80,682 | 87,62,779 | 44,17,903 | 0 | 67% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 64,87,083 | 64,87,083 | 59,93,640 | 4,93,443 | 0 | 92% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 95,247 | 95,247 | 40,000 | 55,247 | 0 | 42% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 60,46,617 | 60,46,617 | 25,77,596 | 34,69,021 | 0 | 43% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 36,27,309 | 36,27,309 | 16,05,808 | 20,21,501 | 0 | 44% |
| ധനകാര്യ കമ്മീഷൻ | 0 | 73,92,936 | 73,92,936 | 41,25,690 | 32,67,246 | 0 | 56% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അവാർഡ് | | | | | | | | |
| ലോക ബാങ്ക് സഹായം | കേന്ദ്ര വിഹിതം | 0 | 29,22,233 | 29,22,233 | 29,22,233 | 0 | 0 | 100% |
| | സംസ്ഥാന വിഹിതം | 0 | 10,17,406 | 10,17,406 | 78,827 | 9,38,579 | 0 | 8% |
| | ആകെ | | 4,07,69,513 | 4,07,69,513 | 26106573 | 14662940 | | 64% |
| ബി ഫണ്ട് | | 0 | 3,86,55,363 | 3,86,55,363 | 3,86,55,363 | 0 | 0 | 100% |
| എം ജി എൻ ആർ ജി എസ് | | 1787 | 1,13,25,286 | 1,13,27,073 | 1,13,22,947 | - | 4126 | 99% |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 59855157 | 84 | 32064822 | 26 | 23 | 46.40% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം- സംക്ഷിപ്തം

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 4949280 | 10 | 2128397 | 0 | 0 | 100 |
| വെറ്ററിനറി സർജൻ | 5 | 2768000 | 5 | 1306322 | 0 | 0 | 100 |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 4 | 1042912 | 3 | 762993 | 0 | 0 | 100 |
| മെഡിക്കൽഓഫീസർ, (ആയുർവേദം) | 3 | 610000 | 2 | 549084 | 0 | 1 | 66.66 |
| വി.ഇ.ഒ | 8 | 3191666 | 2 | 2216400 | 2 | 4 | 25 |
| ഐ.സി.ഡി.എസ് സൂപർവൈസർ | 9 | 6643650 | 4 | 4919545 | 0 | 5 | 55.55 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 40500 | 1 | 40500 | 0 | 0 | 100 |
| അസി.എഞ്ചിനീയർ | 96 | 25408522 | 36 | 11592193 | 21 | 39 | 37.5 |
| സെക്രട്ടറി | 24 | 5965353 | 12 | 2287888 | 1 | 11 | 50 |
| ഹെഡ് മാസ്റ്റർ | 11 | 3672500 | 2 | 1286500 | 1 | 8 | 18.18 |
| അസിസ്റ്റൻറ് സെക്രട്ടറി | 10 | 5562774 | 7 | 4975000 | 1 | 2 | 70 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 62 % വരവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | |

| | | | | |
|---|---|---|---|---|
| വസ്തു നികുതി | 26,82,035 | 55,71,662 | | |
| സേവന നികുതി | 0 | 0 | | |
| തൊഴിൽ നികുതി | 11,93,160 | 14,48,250 | | |
| വിനോദ നികുതി | 0 | 0 | | |
| പരസ്യ നികുതി | 0 | 0 | | |
| | 38,75,195 | 70,19,912 | 31,44,717 | +81% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | |
| ലൈസൻസ് (ഡി ആന്റ് ഒ) | 1,01,100 | 94,160 | | |
| മാർക്കറ്റ് ബസ്സ്റ്റാന്റ് | 0 | 0 | | |
| കെ പി ബി ആർ (പെർമിറ്റ്,റഗു,അപേക്ഷ ഫീസ്) | 3,45,535 | 3,61,998 | | |
| ജനന മരണ വിവാഹം | 61,995 | 53,770 | | |
| വാടക | 131364 | 137940 | | |
| ലേലം | 0 | 0 | | |
| | 6,39,994 | 6,47,868 | 7874 | +1% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | |
| പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 200 | 200 | | |
| റിക്കവറി | 0 | 53,906 | | |
| ലൈബ്രറി | 1945 | 585 | | |
| പോസ്റ്റ് | 6140 | 6355 | | |
| പലിശ (സ്ഥിര നിക്ഷേപം) | 0 | 0 | | |
| പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 1,60,684 | 2,49,513 | | |
| വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 26,181 | 47,139 | | |
| ഡെപ്പോസിറ്റ് | 1,99,480 | | | |
| പലവക | 0 | 108 | | |
| | 3,94,630 | 3,10,267 | 84363 | (21%) |
| ആകെ | 49,09,819 | 80,25,586 | 31,15,767 | (+) 63 % |

കുറിപ്പ് : മുൻ വാർഷിക ധനകാര്യപത്രിക പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 106680 | 67 |
| കർഷക തൊഴിലാളി വേതനം | 1816830 | 222 |
| വിധവാ പെൻഷൻ | 12948830 | 1247 |
| വാർദ്ധക്യകാല പെൻഷൻ | 19266895 | 1922 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3854470 | 395 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 5,30,000 | 16 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 114200 | 17 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 8 | 8 | 5 | - |
| 2 | കർഷകതൊഴിലാളി വേതനം | 10 | 10 | 6 | - |
| 3 | വിധവാ പെൻഷൻ | 134 | 134 | 4 | - |
| 4 | വാർദ്ധക്യകാല പെൻഷൻ | 536 | 536 | 46 | - |
| 5 | വികലാംഗ പെൻഷൻ | 46 | 46 | 3 | - |
| 6 | വിവാഹ ധനസഹായം | 13 | 13 | 1 | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | 0 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഉക അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

1. Permanent Advance / Imprest ഉക ക്യാഷ് ചെസ്റ്റിൽ ലഭ്യമല്ല

കാഷ് വെരിഫിക്കേഷൻ സമയത്ത്, പഞ്ചായത്തിന്റെ കാഷ് ചെസ്റ്റിൽ സ്ഥിരം മുൻകൂറായി സൂക്ഷിക്കുന്ന 200 രൂപ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ ബാക്കിപത്രത്തിൽ (B-18) 200 രൂപ കാണിച്ചിട്ടുമുണ്ട്. ഭൗതിക പരിശോധന കൂടാതെ ടി ഉക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയ അക്കൗണ്ട്സ് ഓഫീസറിൽ നിന്ന് ഈടാക്കി സ്ഥിരം മുൻകൂർ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്.

2.മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന ഓഫീസ് മുതലായ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്ലാൻ സെക്ഷന് ശ്രമകരമായ ജോലിയായി മാറുന്നു. ആയതിനാൽ അടിയന്തിരമായ മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.07.2017 | 01.02.17 മുതൽ 30.06.17 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 04.08.2008 മുതൽ 19.08.2008 | 10/2000 മുതൽ 2007-2008 മാർച്ച് വരെ | 29.09.2008 | റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട് |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിഷ്ക്രിയ അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല

സർക്കുലർ നമ്പർ 58725/എഫ്.എം.3.2008/തസ്വഭവ/26.5.2011 അനുസരിച്ച് തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രമായി നിക്ഷേപിക്കണം. ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്ക് | A/c No | ബാലൻസ് തുക (AFS പ്രകാരം) | അവസാനം ഇടപാട് നടത്തിയത് (പാസ് ബുക്ക് പ്രകാരം) |
|---|---|---|---|---|
| 1 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് അച്ചനമ്പലം (ഓൾഡ് ഏജ് പെൻഷൻ) | 3923 | 2377 | 29.05.2003 |

മേൽകാണിച്ച അക്കൗണ്ട് ക്ലോസ് ചെയ്ത വിവരം അറിയിക്കേണ്ടതാണ്. 10 വർഷത്തിൽ കൂടുതൽ കാലം ഇടപാടുകൾ (വാർഷികമായി ലഭിക്കുന്ന പലിശയെ ഇടപാടുകളായി (Transaction) പരിഗണിക്കാറില്ല) നടക്കാത്ത ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് നീക്കിയിരിപ്പ് തുക റിസർവ് ബാങ്ക് Dead Account ലേക്ക് മാറ്റാറുണ്ട്. തൽഫലമായി തുക നഷ്ടപ്പെടും. ട്രഷറികളിൽ 5 വർഷത്തിൽ കൂടുതൽ കാലം ഇടപാടുകൾ നടക്കാതിരുന്നാൽ ഫണ്ട് ലാപ്സായി പോകുന്നതാണ്.
താഴെ പറയുന്ന അക്കൗണ്ടിൽ 2016-17 ഇടപാട് ഒന്നും തന്നെ നടന്നിട്ടില്ല, പലിശ അക്രൂ മാത്രമേ ചെയ്തിട്ടുള്ളൂ.

| ക്ര.ന | ബാങ്ക് | A/c No | ബാലൻസ് തുക (AFS പ്രകാരം) | അവസാനം ഇടപാട് നടത്തിയത് (പാസ് ബുക്ക് പ്രകാരം) |
|---|---|---|---|---|
| 1 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് അച്ചനമ്പലം (ആശ്രയ) | 40248100104011 | 4,78,647 | 06.06.2013 |

ടി അക്കൗണ്ട് പുനരുജ്ജീവിപ്പിച്ച് ഫണ്ട് ലാപ്സായി പോകുന്നത് തടയേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ എല്ലാ ബാങ്കിലും ഭൗതിക പരിശോധന നടത്തി ടി തുകകൾ യഥാവിധി ഉണ്ടോ എന്ന് അക്കൗണ്ട്സ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (13/21.07.2017)ക്ക് സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുമെന്ന് അറിയിച്ചു.

2. വികലംഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഇളവ് അനുവദിച്ചു.

| ക്രം.ന | പേര് /തസ്തിക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി. ജയശ്രീ. കെ / ജൂനിയർ ഹിന്ദി അധ്യാപിക | ജി.എം.യു.പി.എസ് ചേറൂർ |

തൊഴിൽ നികുതിയിൽ ഇളവ് അവകാശപ്പെടുമ്പോൾ അതിനനുസൃതമായി സാക്ഷ്യപത്രം തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിനോടൊപ്പം ചേർത്തു വക്കേണ്ടതാണ്. സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിലധികമോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കിയാൽ അവർക്ക് തൊഴിൽനികുതി ഒഴിവാക്കി നൽകാവുന്നതാണ് (ജി.ഒ(ആർ.ടി) 1366/90/ത.ഭ.വ തിയ്യതി : 27/03/1990). മേൽ ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട സാക്ഷ്യപത്ര പകർപ്പ് ലഭ്യമാക്കുകയൊ അല്ലാത്ത പക്ഷം അർഹമായ നികുതി ഈടാക്കുകയോ ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (13/21.07.2017)ക്ക് വികലാംഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.

3 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. 1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2017-18 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (13/21.07.2017)ക്ക് തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-3 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാലൻസ് ഷീറ്റിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 11,91,940 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 10,81,472 |

| | |
|---|---|
| ആകെ | 22,73,412 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 2-4 വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (ചേറൂർ) വില്ലേജ് ഓഫീസ് കെട്ടിടത്തിന് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കുകയോ ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ടി കെട്ടിടത്തെ സെക്ഷൻ 207 പ്രകാരം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 17 വർഷം കാലപ്പഴക്കം ഉണ്ട്. തറവിസ്തീർണം 100 ച.മീറ്ററാണ്.

കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ 8-ാം വാർഡിൽ (ചേറൂർ) 377 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തുനികുതി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാത്തതും അനർഹമായി ടി കെട്ടിടത്തിന് നികുതി ഒഴിവാക്കികൊടുത്തതും ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (5/20.07.2017)ക്ക് തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-5 ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 32 | 12 | 126 | - | 138 | 170 |

ഗ്രാമ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 91 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന്

ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.
മുൻവർഷത്തെ അപേക്ഷിച്ച് കടകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും ലൈസൻസിൽ നിന്നുള്ള വരുമാനം 2016-17 കുറയുകയാണ് ചെയ്തത്.

| | 2014-15 | 2015-16 | 2016-17 |
|---|---|---|---|
| ലൈസൻസിൽ നിന്ന് ലഭിച്ച ആകെ വരുമാനം | 39,975 | 1,01,000 | 94,160 |
| ലൈസൻസ് നൽകിയ കടകളുടെ എണ്ണം | 146 | 161 | 170 |

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പറും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതുപോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്താനും സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.*

## 2-6 ഇ- ടെണ്ടർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല - ടെണ്ടർ ഫീ ട്രാൻസ്ഫർ ചെയ്തിട്ടില്ല.

സ.ഉ.(എം.എസ്.) 318/13/ ത.സ്വ.ഭ.വ, തി-28-9-2013, LSGD ചീഫ് എഞ്ചിനീയരുടെ 21-12-2016 ലെ സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ഇ.എം.ഡി, ടെണ്ടർ ഫീ മുതലായവ സ്വീകരിക്കുന്നതിന് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശ പ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്.

2016-17 വർഷത്തിൽ പഞ്ചായത്ത് കളിസ്ഥല നിർമ്മാണം എന്ന പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ ചെയ്തതിൽ താഴെ കൊടുത്തിട്ടുള്ള നാലു കരാറുകാർ ഓൺലൈനായി ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇ.എം.ഡി ഓൺലൈനായി കരാറുകാർക്ക് തിരിച്ച് നൽകിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

| കരാറുകാരന്റെ പേര് | ഇ- ടെണ്ടർ സമർപ്പിച്ച തീയതി | ടെണ്ടർ ഫീ | ഇ.എം.ഡി. | ആകെ |
|---|---|---|---|---|
| പുള്ളാട്ട് അസൈൻ ഹാജി. | 4-1-2017 | 2625 | 50000 | 52625 |
| മുഹമ്മദ് അഷ്റഫ് | 5-1-2017 | 2625 | 50000 | 52625 |
| മുഹമ്മദ് റാഫി .ഇ.സി. | 5-1-2017 | 2625 | 50000 | 52625 |
| ഇ. കോയക്കുട്ടി | 5-1-2017 | 2625 | 50000 | 52625 |

ആകെ - 210500

പ്രസ്തുത തുക 10,500 രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ 15/21-7-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-7 എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലും, വരവും യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ കേരളാ ഗ്രാമീൺ ബാങ്കിലെ തൊഴിലുറപ്പ് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നതും, FTO ചെയ്ത്, ടി അക്കൗണ്ടിലേക്ക് പണം വരുന്നതും യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല.

അക്കൗണ്ട് നമ്പർ.40248100105717, എൻ ആർ ജി എസ് അക്കൗണ്ട് – കേരള ഗ്രാമീൺ ബാങ്ക്, അച്ചനമ്പലം ശാഖ

| ക്രമ നമ്പർ | തുക ₹ | | | ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച / വരവ് വന്ന തിയ്യതി | സാംഖ്യ സോഫ്റ്റ്‌വെയറിൽ അക്കൗണ്ട് ചെയ്ത തിയ്യതി (ബാങ്ക് ബുക്ക്) | അക്കൗണ്ട് ചെയ്തതിലെ കാലതാമസം (ദിവസത്തിൽ) |
|---|---|---|---|---|---|---|
| | Receipt വരവ് | Payment ചെലവ് | Contra ട്രാൻസ്ഫർ | | | |
| 1 | 27,244 | | | 22.04.2016 | 14.06.2016 | 52 ദിവസം |
| 2 | 44 | | | 02.05.2016 | 21.06.2016 | 50 ദിവസം |
| 3 | 27,402 | | | 09.05.2016 | 14.06.2016 | 36 ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 4 | 27,400 | | | 07.06.2016 | 14.06.2016 | 7 ദിവസം |
| 5 | 25,000 | | | 07.06.2016 | 14.06.2016 | 7 ദിവസം |
| 6 | | | 1,07,046 സെൽഫ് ചെക്ക് നം: 15613 | 17.06.2016 | 17.06.2016 | കാല താമസം ഇല്ല |
| 6 | 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് ജീവനക്കാരുടെ ഹോണറേറിയം വൈകിയ സാഹചര്യമുണ്ടായപ്പോൾ 23.01.2017 ലെ പി 5/ 1589 നമ്പർ ഉത്തരവ് മുഖേന തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ അനുമതി നൽകി. പഞ്ചായത്ത് ആയതു പ്രകാരം തനതു ഫണ്ടിൽ നിന്ന് ഹോണറേറിയം നൽകി. എന്നാൽ ടി തുക അക്കൗണ്ടിൽ വരവ് വന്ന സമയത്ത്, ടി തുക ജേണൽ എൻട്രിയിലൂടെ ചെലവായി (Payment) രേഖപ്പെടുത്തുന്നതിന് പകരം 1,07,046 രൂപ കോൺട്ര എൻട്രിയിലൂടെ തനത് ഫണ്ടിലേക്ക് മാറ്റുകയാണ് ചെയ്തത്. ആയത് ക്രമപ്രകാരമല്ല. ഇത് വാർഷിക ധനകാര്യപത്രികയിലും ചെലവ് തുകയിൽ കുറവ് വരാൻ ഇടയായി. | | | | | |
| 7 | 62,000 | | | 22.07.2016 | 17.08.2016 | 26 ദിവസം |
| 8 | 27,400 | | | 22.07.2016 | 17.08.2016 | 26 ദിവസം |
| 9 | | | 89,400 സെൽഫ് ചെക്ക് നം: 15614 | 30.07.2016 | 30.07.2016 | കാല താമസം ഇല്ല |
| 9 | 89,400 ചെലവായി (Payment) രേഖപ്പെടുത്തിയില്ല | | | | | |
| 10 | | | | | | |
| 11 | 411 | | | 01.08.2016 | 18.08.2016 | 17 ദിവസം |
| 12 | 27,400 | | | 16.08.2016 | 18.08.2016 | 2 ദിവസം |
| 13 | | 14,200 ചെക്ക് നം: 15615 | | 18.08.2016 | 18.08.2016 | കാല താമസം ഇല്ല |
| 14 | | 13,200 ചെക്ക് നം:15616 | | 18.08.2016 | 18.08.2016 | കാല താമസം ഇല്ല |
| 15 | 4,800 | | | 08.09.2016 | 08.09.2016 | കാല താമസം ഇല്ല |
| 16 | 27,400 | | | 08.09.2016 | 08.09.2016 | കാല താമസം ഇല്ല |
| 17 | | 16,600 ചെക്ക് നം:15617 | | 09.09.2016 | 09.09.2016 | കാല താമസം ഇല്ല |
| 18 | | 15,600 ചെക്ക് നം:15618 | | 09.09.2016 | 09.09.2016 | കാല താമസം ഇല്ല |
| 19 | 27,400 | | | 06.10.2016 | 07.10.2016 | 1 ദിവസം |
| 20 | 91,620 | | | 06.10.2016 | 07.10.2016 | 1 ദിവസം |
| 21 | | 14,200 ചെക്ക് നം:15619 | | 07.10.2016 | 07.10.2016 | കാല താമസം ഇല്ല |
| 22 | | 13,200 ചെക്ക് നം:15620 | | 07.10.2016 | 07.10.2016 | കാല താമസം ഇല്ല |
| 23 | 295 | | | 01.11.2016 | 09.11.2016 | 8 ദിവസം |
| 24 | 3119 | | | 03.11.2016 | 09.11.2016 | 6 ദിവസം |
| 25 | 27,400 | | | 03.11.2016 | 09.11.2016 | 6 ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 25 | | 14,200<br>ചെക്ക് നം:9526 | | 17.11.2016 | 10.11.2016 | കാല താമസം ഇല്ല |
| 26 | | 13,200<br>ചെക്ക് നം:9527 | | 21.11.2016 | 10.11.2016 | കാല താമസം ഇല്ല |
| 27 | 27,400 | | | 03.12.2016 | 07.12.2016 | 4 ദിവസം |
| 28 | | 3,119<br>ചെക്ക് നം:9528 | | 03.12.2016 | 29.11.2016 | കാല താമസം ഇല്ല |
| 29 | | 13,200<br>ചെക്ക് നം:9530 | | 09.12.2016 | 08.12.2016 | കാല താമസം ഇല്ല |
| 30 | | 14,200<br>(NEFT 14, 194+6)<br>ചെക്ക് നം:9529 | | 09.12.2016 | 08.12.2016 | കാല താമസം ഇല്ല |
| 31 | 500 | | | 07.01.2017 | 11.01.2017 | 4 ദിവസം |
| 32 | 49,600 | | | 07.01.2017 | 11.01.2017 | 4 ദിവസം |
| 33 | | 25,800<br>NEFT<br>ചെക്ക് നം:9533 | | 17.01.2017 | 12.01.2017 | കാല താമസം ഇല്ല |
| 34 | | 6<br>NEFT Charges | | 17.01.2017 | 31.03.2017 | 82 ദിവസം |
| 35 | | 23,800<br>NEFT<br>ചെക്ക് നം:9532 | | 19.01.2017 | 12.01.2017 | കാല താമസം ഇല്ല |
| 36 | 1095 | | | 01.02.2017 | 23.03.2017 | 50 ദിവസം |
| 37 | 38,500 | | | 04.02.2017 | 23.03.2017 | 47 ദിവസം |
| 38 | 9,300 | | | 04.02.2017 | 'സാംഖ്യ'യിൽ അക്കൗണ്ട് ചെയ്തിട്ടില്ല | |
| 39 | | 20,000<br>ചെക്ക് നം:9535 | | 15.02.2017 | 10.03.2017 | 23 ദിവസം |
| 40 | | 18,500<br>ചെക്ക് നം:9536 | | 16.02.2017 | 10.03.2017 | 23 ദിവസം |
| 41 | | 9,300<br>ചെക്ക് നം:9537 | | 21.02.2017 | 'സാംഖ്യ'യിൽ അക്കൗണ്ട് ചെയ്തിട്ടില്ല | |
| 42 | 18,500 | | | 04.03.2017 | 23.03.2017 | 19 ദിവസം |
| 43 | 38,500 | | | 04.03.2017 | 23.03.2017 | 19 ദിവസം |
| 44 | 6,480 | | | 04.03.2017 | 23.03.2017 | 19 ദിവസം |
| 45 | | 18,500<br>ചെക്ക് നം:9538 | | 09.03.2017 | 31.03.2017 | 22 ദിവസം |
| 46 | | 20,000<br>ചെക്ക് നം:9539 | | 09.03.2017 | 31.03.2017 | 22 ദിവസം |
| 47 | | 98,100<br>ചെക്ക് നം:9540 | | 24.03.2017 | 25.03.2017 | 1 ദിവസം |

1 ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം ഓരോ മാസത്തിന്റേയും അവസാനം ട്രഷറി/ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തിയ്യതിക്കകം അക്കൗണ്ടന്റ്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. യഥാസമയം

പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുന്നതിൽ വീഴ്ച ഉണ്ടായി എന്ന് ക്രമ നം. 1, 2, 3, 7, 8, 34,36, 37, 38, 39, 40, 41 ൽ നിന്ന് വ്യക്തമാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക ഓരോ മാസവും 5ാം തിയ്യതിക്കകം സാക്ഷ്യപ്പെടുത്തുന്നതിലും പരാജയപ്പെട്ടു.

2) 04.02.2017 തിയ്യതിയിൽ വരവ് വന്ന 9300 അക്കൗണ്ട് ചെയ്യുന്നതിലും പിന്നീട് 21.02.2017 തിയ്യതിയിൽ 9300 രൂപ 9537ാം നമ്പർ ചെക്ക് മുഖേന പിൻവലിച്ചതും 'സാംഖ്യ'യിൽ അക്കൗണ്ട് ചെയ്തില്ല

3) 08.12.2016 തിയ്യതിയിൽ 500 രൂപ 9531ാം നമ്പർ ചെക്ക് മുഖാന്തിരം സ്റ്റേഷനറി ചെലവിലേക്കായി കൊടുത്തതായും എന്നാൽ 31.03.2017 തിയ്യതിയിൽ അതേ തുക വരവായും ബാങ്ക് ബുക്കിൽ കാണിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വരവ് ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് അക്കൗണ്ട്സ് ഓഫീസറിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 പഞ്ചായത്ത് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഓൺലൈനായി ഇ-സബ്മിഷൻ ചെയ്ത വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല

പഞ്ചായത്ത് ഭരണ സമിതി 13.06.2017 തിയ്യതി നടന്ന സാധാരണ മീറ്റിംഗിലെ 6ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചയാത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക താഴെ പറയും പ്രകാരം ചർച്ച ചെയ്ത അംഗീകരിച്ചു

| | |
|---|---|
| മുന്നിരിപ്പ് | 2,18,80,808.95 |
| തൻവർഷ വരവ് | 5,28,38,141 |
| ആകെ | 7,47,18,950.95 |
| തൻവർഷ ചെലവ് | 4,85,74,465 |
| നീക്കിയിരിപ്പ് | 2,61,44,484.95 |

എന്നാൽ പഞ്ചായത്ത് എയിംസ് സോഫ്റ്റ്‌വെയർ മുഖേന 17.06.2016 ന് ഓൺലൈനായി ഇ-സബ്മിഷൻ ചെയ്ത വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 2,18,80,808.95 |
| വരവ് | 5,28,73,421 |
| ആകെ | 7,47,54,229.95 |
| ചെലവ് | 4,86,09,745 |
| നീക്കിയിരിപ്പ് | 2,61,44,484.95 |

35,280 രൂപയുടെ വ്യത്യാസം - തൊഴിൽ രഹിത വേതനം നൽകുന്നതിന് ലഭിച്ച ഗ്രാന്റ് തുക യഥാസമയം അക്കൗണ്ട് ചെയ്യാത്തതിനാൽ സംഭവിച്ചതാണ്. 13.06.2017 ന് ഭരണ സമിതി അംഗീകരിച്ച സമയത്ത് ഈ വ്യത്യാസം കണ്ടെത്തിയില്ല. അടുത്ത ദിവസം വാർഷിക ധനകാര്യ പത്രിക ഓഡിറ്റിനു വേണ്ടി സ്റ്റേറ്റ് ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഈ വ്യത്യാസം കണ്ടെത്തുകയും (റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റിനേയും ഇൻകം ആന്റ് എക്സ്‌പെൻഡീച്ചർ സ്റ്റേറ്റ്മെന്റിനേയും ബാധിച്ചിട്ടുണ്ട് ) ടി ഗ്രാന്റ് ഉൾപ്പെടുത്തി 17.06.2016 വാർഷിക ധനകാര്യപത്രിക ഓൺലൈനായി സമർപ്പിച്ചു. എന്നാൽ ടി വ്യത്യാസം പരിഗണിച്ച് ഓൺലൈനായി സമർപ്പിച്ച മാറ്റം വരുത്തിയ വാർഷിക ധനകാര്യ പത്രികക്ക് ഭരണ അംഗീകരം നൽകിയിട്ടില്ല. അതിനു പകരം 13.06.2017 ലെ തീരുമാനത്തിൽ മാറ്റം വരുത്തിയ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ കാണിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ഐ.കെ.എം സോഫ്റ്റ്‌വെയറിൽ ലോക്ക് - ഇൻ സംവിധാനമില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന് വേണ്ടി വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ ആണ് ഐ.കെ.എം രൂപകൽപ്പന ചെയ്തിട്ടുള്ള 'സാംഖ്യ' . എന്നാൽ ഇത് പ്രവർത്തനം ആരംഭിച്ച് 7 വർഷമായിട്ടും പൂർണമായും യൂസർ ഫ്രണ്ടിലിയല്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) പ്രകാരം വാർഷിക ധനകാര്യപത്രിക മെയ് മാസം 15ാം തിയ്യതിക്ക് മുമ്പായി ഓഡിറ്റർക്ക് അയച്ചു കൊടുക്കേണ്ടതാണ് എന്നാണുള്ളത്.
മാർച്ച് 31 ന് ശേഷം സാംഖ്യ' യിൽ പെൻഡിംഗ് ടാസ്ക് - ചെയ്യാനുള്ള സമയമാണ്. വിട്ടു പോയത് കൂട്ടി ചേർക്കാനും ശീർഷകങ്ങൾ മാറി കിടക്കുന്നത് നേരേയാക്കാനുമൊക്കെയുള്ള സമയമാണിത്. എന്നാൽ ഇതിന് സാംഖ്യ അവസാന തിയ്യതി

വെക്കാത്തത് സാംഖ്യയുടെ പോരായ്മയിലേക്ക് വിരൽ ചൂണ്ടുന്നു. ആർക്ക് വേണമെങ്കിലും എത്ര വേണമെങ്കിലും മാറ്റം വരുത്താവുന്ന അവസ്ഥാ വിശേഷമാണ് ഇന്ന് സാംഖ്യ'യിൽ ഉള്ളത്. ഇത് സോഫ്റ്റ്‌വെയറിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നു.
ഓഡിറ്റിനു വേണ്ടി സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക വീണ്ടും മാറ്റം വരുത്തുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
ലോക്ക് ഇൻ സംവിധാനം സാംഖ്യ'ൽ ലഭ്യമാണോ എന്ന ചോദ്യത്തിന്, ആയത് പ്രവർത്തിക്കണമെങ്കിൽ വാർഷിക ധനകാര്യ പത്രിക എയിംസ് സോഫ്റ്റ്‌വെയറിലേക്ക് അപ്‌ലോഡ് ചെയ്യണം. അതായത് ഒരിക്കൽ എയിംസ് സോഫ്റ്റ്‌വെയറിലേക്ക് വാർഷിക ധനകാര്യ പത്രിക സമർപ്പിക്കപ്പെട്ടാൽ സാംഖ്യ' സംവിധാനം ലോക്ക് –ആകപ്പെടും എന്നാണ് മറുപടി ലഭിച്ചത്.
ഇനി പഞ്ചായത്ത് എയിംസ് സോഫ്റ്റ്‌വെയറിലേക്ക് എ.എഫ്.എസ് സമർപ്പിക്കപ്പെട്ടില്ല എങ്കിൽ എത്ര വേണമെങ്കിലും മാറ്റം വരുത്താവുന്ന സാംഖ്യ' സമ്പ്രദായം മാറേണ്ടതാണ്.

സാംഖ്യ സംവിധാനം ഓഡിറ്റിന് ലഭ്യമാവുന്നതിലെ പ്രയാസങ്ങൾ

ഓഡിറ്റ് വകുപ്പിന് പ്രത്യേക ലോഗിൻ ഏർപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് നടത്തുന്ന സ്ഥലത്ത് സാംഖ്യയിലേക്കുള്ള ലാൻ ലിങ്ക് ലഭ്യമല്ലാത്തതിനാൽ പലപ്പോഴും ഇത് ഓഡിറ്റ് ആവശ്യത്തിന് ഉപയോഗപ്രദമാക്കാൻ സാധിക്കുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.46 കോടി കാലഹരണപ്പെട്ടു (Lapsed)

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 4.07 കോടി (4,07,69,513) രൂപയിൽ 1.46 കോടി (14662940) രൂപ, സമയബന്ധിതമായി പ്രൊജക്റ്റുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപ്പെടെ 4.07 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.61 കോടി (26106573) രൂപയുടെ പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്റ്റുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് തുക (അലോട്ട്മെന്റ്) | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,31,80,682 | 87,62,779 | 44,17,903 | 67% |
| വികസന ഫണ്ട് (എസ്.സി.പി) | 64,87,083 | 59,93,640 | 4,93,443 | 92% |
| വികസന ഫണ്ട് (ടി.എസ്.പി) | 95,247 | 40,000 | 55,247 | 42% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 60,46,617 | 25,77,596 | 34,69,021 | 43% |
| സംരക്ഷണ ഗ്രാന്റ് | 36,27,309 | 16,05,808 | 20,21,501 | 44% |

| | | | | | |
|---|---|---|---|---|---|
| (റോഡിതരം) | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 73,92,936 | 41,25,690 | 32,67,246 | 56% |
| ലോക ബാങ്ക് സഹായം | കേന്ദ്ര വിഹിതം | 29,22,233 | 29,22,233 | 0 | 100% |
| | സംസ്ഥാന വിഹിതം | 10,17,406 | 78,827 | 9,38,579 | 8% |
| ആകെ | | 4,07,69,513 | 26106573 | 14662940 | 64% |

2.മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളുടെയും നിർവ്വഹണം നടത്തിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | പട്ടിക ജാതി വിഭാഗം | | പട്ടിക വർഗ വിഭാഗം | | ആകെ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | |
| ഉൽപ്പാദനം | 70,70,780 | 30,35,219 | 16,60,000 | 10,40,000 | 0 | 0 | 8730780 | 4075219 | 47 % |
| സേവനം | 2,91,79,252 | 1,55,87,811 | 51,82,000 | 46,35,000 | 0 | 0 | 34361252 | 20222811 | 59 % |
| പശ്ചാതലം | 1,60,15,104 | 73,58,152 | 6,00,000 | 3,68,640 | 1,47,691 | 40,000 | 16762795 | 7766792 | 46% |
| ആകെ | | | | | | | 59854827 | 32064822 | 54 % |

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഗ്രന്ഥ ശാല പ്രവർത്തനക്ഷമമല്ല




കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ 29.12.2014 തിയ്യതി നടന്ന സാധാരണ മീറ്റിംഗിലെ 6(3) നമ്പർ യോഗം ഗ്രാമ പഞ്ചായത്തിൽ പുതുതായി രൂപീകരിച്ച കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാലയുടെ ബൈലോ ചർച്ച ചെയ്തു ഐകകണ്ഠേന അംഗീകരിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി 97/2014 നമ്പർ – പഞ്ചായത്ത് ലൈബ്രറി അടിസ്ഥാന സൗകര്യം എന്ന പ്രോജക്ടിലൂടെ തനത് ഫണ്ടിൽ നിന്ന് 40,643 (അടങ്കൽ 50,000) രൂപയുടെ പുസ്തകങ്ങൾ താഴെ പറയുന്ന വിതരണക്കാരിൽ നിന്നും വാങ്ങി.

| | ആകെ പുസ്തകങ്ങളുടെ എണ്ണം | ആകെ തുക |
|---|---|---|
| മാതൃഭൂമി ബുക്സ് | 118 | 10691 |
| പൂർണ പബ്ലിക്കേഷൻസ് | 167 | 16297 |
| കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കാലിക്കറ്റ് | 180 | 12002 |

എന്നാൽ ടി പുസ്തകങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഗ്രന്ഥാലയത്തിന് സ്ഥിരം ലൈബ്രേറിയന്റെ അഭാവത്തിൽ ടി ചുമതല ഓഫീസ് ഉത്തരവ് (3/2015 തിയ്യതി 02.02.2015) മുഖാന്തിരം ബി-1 സെക്ഷൻ ക്ലാർക്ക് ശ്രീ.ധനിചന്ദ്രന് നൽകിയിട്ടുണ്ട്. ഒരേ സമയം ഓഫീസ് കാര്യങ്ങളും ലൈബ്രേറിയൻ ചുമതലയും ഒരാൾ വഹിക്കുക എന്നത് ഗ്രന്ഥാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.
പഞ്ചായത്ത് ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗ്രന്ഥാലയത്തിന്റെ നിയമാവലി നാളിതുവരെയായിട്ടും അംഗീകാരം വാങ്ങിച്ചിട്ടില്ല
2.അംഗത്വ രജിസ്റ്റർ പ്രകാരം 20 അംഗങ്ങളാണുള്ളത്. എന്നാൽ പൊതു ജനങ്ങൾക്ക് അംഗങ്ങളാകാൻ സൗകര്യം ചെയ്തിട്ടില്ല
3.ഗ്രന്ഥവിവരപ്പുസ്തകത്തിൽ 479 നടുത്ത് പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷികമായി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4.പുസ്തകങ്ങൾ സമ്പൂർണമായി അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും, ഗ്രന്ഥ കർത്താവിന്റെ പേരും, പ്രസിദ്ധീകരിച്ച വർഷം, അച്ചടിച്ച സ്ഥലം, അച്ചടിച്ച തിയ്യതി, ISBN നമ്പർ (ലഭ്യമാണെങ്കിൽ), പുസ്തകത്തിന്റെ വില എന്നിവ കൂടി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
5. സ്ഥിരം കെട്ടിടം ഇല്ലാത്തതിന്റെ കുറവ്, നിലവിൽ പഞ്ചായത്തിൽ സൗകര്യങ്ങൾ ഒന്നും തന്നെ ഒരുക്കിയിട്ടില്ല.
6.സ്ഥിരം ലൈബ്രേറിയൻ ഇല്ലാത്തതിന്റെ കുറവ് : - ഗ്രന്ഥലായത്തിന് വിദഗ്ധരായ ലൈബ്രേറിയന്മാരെ ലഭിച്ചില്ല. കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലയിൽ നാളിതുവരെ ലഭ്യമായ പുസ്തകങ്ങൾ അടുക്കും ചിട്ടയിലും ക്രമീകരിച്ചിട്ടില്ല. പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

വിദ്യാഭ്യാസം – മേഖല അടിസ്ഥാനമാക്കിയുള്ള ചുമതലകളിലൊന്നാണ് വായനാശാലയുടെ നടത്തിപ്പും പ്രോൽസാഹനവും. എന്നാൽ പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം ഉറപ്പുവരുത്തുന്നതിലും ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിലും പഞ്ചായത്ത് സമ്പൂർണമായി പരാജയപ്പെട്ടു. മുഴുവൻ സമയവും ഓഫീസ് ചുമതലയിൽ വ്യാപൃതനായിട്ടുള്ള സെക്ഷൻ ക്ലാർക്കിന് അധികചുമതല നൽകിയത് ലൈബ്രറിയുടെ പ്രവർത്തനത്തെ ബാധിച്ചു. മാത്രവുമല്ല ലൈബ്രറിക്കായി യാതൊരു സൗകര്യവും നാളിതുവരെ പഞ്ചായത്ത് കെട്ടിടത്തിൽ ഒരുക്കിയിട്ടില്ല. പ്രവർത്തനം ആരംഭിച്ച് 2 വർഷമായിട്ടും മെമ്പർഷിപ്പ് എടുത്തവർ 20 പേര് മാത്രമാണ്. മേഖലാടിസ്ഥാനത്തിലുള്ള ചുമതല നിർവഹിക്കുന്നതിനപ്പുറത്തേക്ക് ഗ്രന്ഥാലയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വളർത്തുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്വന്തമായ കെട്ടിടവും, ഫുൾ ടൈം ലൈബ്രേറിയനും നിയമാവലിയും എല്ലാം സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനികവൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ആവശ്യമില്ലാത്തയിനം പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി- ഗ്രാമ പഞ്ചായത്തിന് അധിക ചെലവ്

താഴെ കൊടുത്തിരിക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ക്വാറി മക്ക് നിറക്കുന്ന പ്രതലത്തിൽ 15 സെ. മീ. ൽ കുറവുള്ള കളകളും പുല്ലുകളും നീക്കം ചെയ്യുന്ന (ഡ്രസ്സ് ചെയ്യുന്ന) ഇനം പ്രവൃത്തി ഉൾപ്പെടുത്തുകയും ചതുരശ്ര മീറ്ററിന് 15.86 രൂപ നിരക്കിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി തുക നൽകുകയും ചെയ്തിട്ടുണ്ട്. ക്വാറി മക്ക് ഫിൽ ചെയ്യുന്നതിന് മുമ്പ് അതേ പ്രതലത്തിൽ ഒരു ഡ്രസ്സിംഗിന്റെ ആവശ്യമില്ലാത്തതാണ്. ആവശ്യമില്ലാത്ത പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആയതിന്റെയടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് താഴെ കൊടുത്തിരിക്കുന്ന വിധം നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രൊജക്റ്റ് നമ്പർ | ഡ്രസ്സിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | തീണ്ടേക്കാട് മേമാട്ടുപാടം റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. പി.ഹുസൈൻ ഹാജി.<br>എം.ബുക്ക്- 112/15-16<br>TS-200000 | 143/17 | 154.2m2 | 2446 | 10/10-3-17 |
| 2 | കോവിലപ്പാറ-പാലക്കോട് റോഡ് കോൺക്രീറ്റിംഗ് | 135/17 | 209.2m2 | 3318 | 5/6-3-17 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ- ശ്രീ. വി.പി.അബ്ദുള്ള കുട്ടി ഹാജി.<br>എം.ബുക്ക്- 115/15-16<br>TS-250000 | | | | |
| 3 | കഴകൻചിന ചണ്ണപ്പള്ളിയാലി റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. കെ.പി. ബാവ,<br>എം.ബുക്ക്- 118/15-16<br>TS-200000 | 136/17 | 172.52m2 | 2736 | 6/6-3-17 |
| 4 | ബദരിയ്യ നഗർ ഇരിങ്ങലത്തൂർ പാടം റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. പി. സുൽഫീക്കർ അലി,<br>എം.ബുക്ക്- 113/15-16<br>TS-250000 | 144/17 | 210.96 m2 | 3346 | 7/6-3-2017 |
| 5 | കൊങ്ങംപറമ്പ്- പങ്കിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. സി.ടി. അബ്ദുൽ മുനീർ<br>എം.ബുക്ക്- 114/15-16<br>TS-200000 | 129/17 | 169.01m2 | 2680 | 8/ 3-3-17 |
| 6 | അച്ചനമ്പലം മദ്രസ ചോലമാട് അയനിക്കാട് റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. ടി.ടി. മുഹമ്മദ് കുട്ടി.<br>എം.ബുക്ക്- 119/15-16<br>TS-200000 | 142/17 | 169.59m2 | 2690 | 11/ 10-3-17 |
| 7 | പാലത്തിങ്ങൽമാട് കുണ്ടിൽ റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. സി.എം. വിശ്വംഭരൻ<br>എം.ബുക്ക്- 117/15-16<br>TS-200000 | 140/ 17 | 173.25m2 | 2748 | 13/ 10-3-17 |
| 8 | വെള്ളതേടത്തെരു നെട്ടംബോക്ക് റോഡ് | 145/17 | 251.41m2 | 3987 | 12 /10-3-17 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. സി.എം. പ്രശാന്ത് കുമാർ<br>എം.ബുക്ക്- 116/15-16<br>TS-300000 | | | | |
| 9 | താഴെ പടപ്പറമ്പ് മുട്ടുംപുറം റോഡ് ഐറിഷ് ഡ്രൈനേജ്<br>കൺവീനർ- ശ്രീ. സുൽഫീക്കർ അലി. പി.<br>എം.ബുക്ക്- 123 /15-16<br>TS-250000 | 209/17 | 209.69m2 | 3326 | 17/ 20-3-17 |
| 10 | തീണ്ടേക്കാട് പടപ്പറമ്പ് റോഡിൽ ഐറിഷ് ഡ്രൈനേജ്<br>കൺവീനർ- ശ്രീ. സുൽഫീക്കർ അലി. പി.<br>എം.ബുക്ക്- 103 /16-17<br>TS-400000 | 210 /17 | 331.44m2 | 5257 | 16/ 20-3-17 |
| 11 | കല്ലടിപ്പാടം ട്രാക്ടർ പാത കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. ജാഫർ എടക്കണ്ടൻ,<br>എം.ബുക്ക്- 102 /16-17<br>TS-200000 | 131/17 | 167 m2 | 2649 | 15/ 20-3-17 |
| 12 | കഴുകൻചിന- കോട്ടമാട് റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. ഫൈസൽ. പി.<br>എം.ബുക്ക്- 122 /15-16<br>TS-142642 | 192/ 17 | 118.88m2 | 1885 | 42/ 28-3-17 |
| 13 | കോവിലപ്പാറ- മുട്ടിയം തോട് റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. സബീർ അലി. സി.കെ.<br>എം.ബുക്ക്- 124 /15-16<br>TS-150000 | 110 /17 | 126.58m2 | 2008 | 45/31-3-17 |
| 14 | രാമൻകുളങ്ങര പൊറള റോഡ് കോൺക്രീറ്റിംഗ് | 219 /17 | 72.9 m2 | 949 (Limited to | 46/ 31-3-17 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ- ശ്രീ. ഫൈസൽ. പി.<br>എം.ബുക്ക്- 117 /16-17<br>TS-200000 | | | estimate) | |
| 15 | നെല്ലിക്കാപറമ്പ് എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. ചാലിൽ ശങ്കരൻ കുട്ടി.<br>എം.ബുക്ക്- 101/16-17<br>TS-300000 | 211/ 17 | 203.93m2 | 2488 (Limited to estimate) | ചെക്ക് നമ്പർ- 1614258/ 30-3-17 |

ആകെ- 42513

അധിക ചെലവ് വന്ന 42513 രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-4 അംഗൻവാടി പോഷകാഹാര പദ്ധതി - സർക്കാർ നിർദ്ദേശം പാലിക്കാതെ ഭക്ഷ്യ വസ്തുക്കൾക്ക് അധിക വില നൽകി

മാവേലി സ്റ്റോറിനെക്കാളും അധികരിച്ച വിലക്ക് കുടുംബശ്രീ യൂണിറ്റിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങിയതിലൂടെ 6,182 രൂപയുടെ നഷ്ടമുണ്ടായി. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാര പദ്ധതിയിലാണ് ഇങ്ങനെ നഷ്ടമുണ്ടായത്.

18-11-10 -ലെ 62393/ഡി.ബി.2/10/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉൽപ്പന്നങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങാമെങ്കിലും മാവേലി സ്റ്റോറുകളുടെ വിലയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാര പദ്ധതിയുടെ (പ്രോജക്റ്റ് നമ്പർ - 43/17) ഭാഗമായി 7/2016 - ൽ വിവിധ അംഗൻവാടികളിലേക്കുള്ള ഭക്ഷ്യ സാധനങ്ങൾ ഹണി ഡ്രോപ്പ്സ് ഡയറക്റ്റ് മാർക്കറ്റിംഗ് ഏജൻസി എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഹണി ഡ്രോപ്പ്സിന്റെ 15-07-16 – ലെ 1- ാം നമ്പർ ഇൻവോയ്സും 7/16 ലെ മാവേലി സ്റ്റോർ വിലയും തമ്മിൽ താരതമ്യം ചെയ്തതിൽ വാങ്ങിയ ഭക്ഷ്യധാന്യങ്ങളിൽ താഴെ പറയുന്ന ഇനങ്ങൾക്ക് ഈടാക്കിയ തുക അധികമാണ്.

| ഇനം | ഹണി ഡ്രോപ്പ്സ് | | | മാവേലി സ്റ്റോർ | | |
|---|---|---|---|---|---|---|
| | ഈടാക്കിയ വില (കിലോഗ്രാമിന്) | തൂക്കം (കിലോഗ്രാമിൽ) | ആകെ തുക | ഈടാക്കുന്ന വില (കിലോഗ്രാമിന്) | ഇത്രയും അളവിന് വരുന്ന തുക | അധികം നൽകിയത് |
| വെളിച്ചെണ്ണ | 120 | 135 | 16,200 | 92.20 | 12,447 | 3753 |
| ചെറുപയർ | 94.94 | 350 | 33229 | 88 | 30,800 | 2429 |

ആകെ - 6,182

ഹണി ഡ്രോപ്പ്സ് ഈടാക്കിയ വില മാവേലി സ്റ്റോർ ഈടാക്കുന്ന വിലയിലും കൂടുതലാണോ എന്ന് പരിശോധിക്കാതെ ബിൽ തുക നൽകിയതിലൂടെ 6,182 രൂപയുടെ നഷ്ടമുണ്ടാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-07-2017 – ന് നൽകിയ 6 - ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 21-07-17 – ന് മറുപടി നൽകിയിട്ടുണ്ട്. ഫസ്റ്റ് ക്വാളിറ്റി ചെറുപയറും കേരാമൃതിന്റെ വെളിച്ചെണ്ണയുമായതിനാലാണ് വില അധികം വന്നതെന്നാണ് മറുപടിയിൽ കാണിച്ചിട്ടുള്ളത്. മാവേലി സ്റ്റോറിലെ സാധനങ്ങൾക്ക് ക്വാളിറ്റി കുറവാണെന്ന മറുപടി അംഗീകരിക്കുന്നില്ല. ഏതെങ്കിലും കുറച്ചിനത്തിന് വില കുറച്ച് മറ്റുള്ളവ കൂടിയ വിലക്ക് വിതരണം ചെയ്യുന്ന നടപടി അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ 18-01-2017 – ലെ 1/16-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുകയിൽ നിന്നും ഇപ്രകാരം അധികം നൽകിയ 6,182 രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും തിരികെ

ഈടാക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ മരുന്ന് മുഴവൻ ലഭ്യമാക്കിയിട്ടില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 172/17, ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -ന്റെ ഭാഗമായി, മരുന്ന് വിതരണം ചെയ്യുന്നതിനായി 18-01-2017 -ലെ 1/16-17 നമ്പർ ബിൽ പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 5,00,000/- രൂപ പിൻവലിച്ച് ഔഷധിക്ക് കൈമാറിയിട്ടുണ്ട്. 09-02-2017 – ന് ഔഷധിയുമായി ചമച്ച കരാറുടമ്പടി പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യേണ്ടതാണ്. ഉടമ്പടി പ്രകാരം 10-04-17 – നകം മുഴവൻ മരുന്നും വിതരണം ചെയ്യേണ്ടതായിരുന്നുവെങ്കിലും താഴെ കൊടുത്തിരിക്കുന്നത് പ്രകാരം 2,80,183/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ഇൻവോയ്സ് നമ്പർ/തീയതി മരുന്നിന്റെ വില

4404/07-03-17 - 1,89,365

4747/19-03-17 - 42,684

5168/31-03-17 - 48,134

ആകെ - 2,80,183

2,19,817 രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. നിർവ്വഹണോദ്യോഗസ്ഥനായ ആയുർവേദ മെഡിക്കൽ ഓഫീസർ ഈ മരുന്നുകൾ എത്തിക്കാൻ ആവശ്യപ്പെടുകയോ കരാറുടമ്പടി ലംഘിച്ചതിന് ഔഷധിക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തതായി ഫയലിൽ കാണുന്നില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് 20-07-2017 - ന് നൽകിയ 04 - ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഇനിയും ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിലയായ 2,19,817 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-6 മുൻകൂർ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകളൊന്നും ലഭ്യമാക്കിയില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നൊന്നും തന്നെ KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | ബിൽനമ്പർ/ തീയതി | തുക | തുക കൈപ്പറ്റിയ വിവരം |
|---|---|---|---|
| S0162/17, കണ്ണമംഗലം PHC -യിലേക്ക് മരുന്ന് വാങ്ങൽ' | 6/16-17/ 15-03-17 | 1,50,000 | KMSCL – ന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായി ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുക പ്രസ്തുത അക്കൗണ്ടിലേക്ക് വന്നതിന്റെ രസീത് ലഭ്യമല്ല. |
| S00041/17, പരിരക്ഷ - പാലിയേറ്റീവ് പരിചരണം | 5/16-17/ 15-03-17 | 1,66,400 | -ടി- |

| | | | |
|---|---|---|---|
| | | | |
| ആകെ | | 3,16,400 | |

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, 3,16,400 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ നാളിതുവരെ തുടർ നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-07-2017 - ന് നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പകർച്ചവ്യാധികളും പനിമരണങ്ങളും കൊണ്ട് പൊറുതി മുട്ടുന്ന ഈ സമയത്ത് അത്യാവശ്യ മരുന്നുകൾ വിതരണം ചെയ്യാത്ത KMSCL - ന്റെ നടപടി അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,16,400 രൂപ തടസ്സത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-7 തുടർ സാക്ഷരതാ പദ്ധതി - ചെലവ് രേഖ ലഭ്യമല്ല

11-01-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/2016/ത.സ്വ.ഭ.വ പ്രകാരം വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠ പുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടക്കേണ്ട ഫീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

2016-17 -ൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 77/17 'തുല്യതാ തുടർ വിദ്യാഭ്യാസ പരിപാടി ' -യുടെ ഭാഗമായി 25-03-17 -ലെ 4/16-17 നമ്പർ ബിൽ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 45,000/- രൂപ പിൻവലിച്ച് സാക്ഷരതാ മിഷൻ ഡയറക്ടറുടെ 57026996123 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ രസീത്, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിലില്ല. സാക്ഷരതാ മിഷൻ ജില്ലാ പ്രോജക്റ്റ് കോ - ഓർഡിനേറ്ററുടെ 07-02-17 -ലെ C2/XED/300/DLM/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, 30 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിലാണ് മേൽ തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ടെന്നോ എത്ര പേർ പരീക്ഷ പാസ്സായെന്നോ ഉള്ള വിവരവും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 15-07-2017 - ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 45,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

താഴെ പറയുന്ന ജീവനക്കാർ 2016-17 വർഷത്തിൽ അരിയർ സാലറി, ഇൻക്രിമെന്റ് അരിയർ, പേ റിവിഷൻ അരിയർ എന്നിവ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ ആനുപാതിക പെൻഷൻ അംശദാനം അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം(ഡ്യൂ) | അടിസ്ഥാന ശമ്പളം(ഡ്രോൺ) | ബാലൻസ് | പെൻഷൻ കോൺട്രിബ്യൂഷൻ(15%) | വൗച്ചർ നമ്പർ |
|---|---|---|---|---|---|---|
| 1 | പി. രമേഷ്, അസി.സെക്രട്ടറി | 37,500 | 18,300 | 19,200 | 2,880 | 21500834/ 29.3.16(Pay revision arear of 2/16) |
| 2 | അജിത് കെ, ജെ.എസ് | 36,600 | 17,860 | 18,740 | 2,811 | -do- |
| 3 | ജയകുമാർ, അക്കൗണ്ടന്റ് | 30700 | 15,780 | 14,920 | 2,238 | -do- |
| 4 | ജോസ് ജെ, സീ.ക്ലാർക്ക് | 31500 | 15380 | 16,120 | 2,418 | -do- |
| 5 | സുധ പി, സീ.ക്ലാർക്ക് | 30700 | 14980 | 15,720 | 2,358 | -do- |
| 6 | ഗംഗാധരൻ, സീ.ക്ലാർക്ക് | 29200 | 14260 | 14,940 | 2,241 | -do- |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഷൈനിമോൾ, സീ.ക്ലാർക്ക് | 25200 | 13210 | 10,990 | 1,799 | -do- |
| 8 | വനജ സി.കെ, ക്ലാർക്ക് | 27150 | 13510 | 13,640 | 2,046 | -do- |
| 9 | നിഷ പി, ക്ലാർക്ക് | 20550 | 10210 | 10,340 | 1,551 | -do- |
| 10 | ഡാനി ചന്ദ്രൻ, ക്ലാർക്ക് | 19500 | 10210 | 9,290 | 1,394 | -do- |
| 11 | ഷബ്ന പി, ക്ലാർക്ക് | 19500 | 10210 | 9,290 | 1,394 | -do- |
| 12 | സജീവ് ടി, ഒ.എ | 24000 | 11620 | 12,380 | 1,857 | -do- |
| 13 | രാജ്മോഹൻ, ഒ.എ | 22200 | 10750 | 11,450 | 1,718 | -do- |
| 14 | ചിന്നു എ.കെ, പി.ടി.എസ് | 7910 | 4000 | 3,910 | 587 | -do- |
| 15 | പി.രാമകൃഷ്ണൻ, സെക്രട്ടറി | 52,800 | 25,280 | 27,520 | 4,128 | 21600031/18.4.16 (Pay revision arear of 2/16) |
| 16 | നിഷ പി, ക്ലാർക്ക് | 46,284 | 45,077 | 1,207 | 181 | 21600421/2.11.16 (arear increment from 26.05.16 to 31.07.16) |
| 17 | ഗംഗാധരൻ, സീ.ക്ലാർക്ക് | 3,78,000 | 3,50,400 | 27,600 | 4,140 | 21600667/02.03.17 Arear pay due to HG from 2/16 to 1/17 |
| 18 | ഡാനി ചന്ദ്രൻ, ക്ലാർക്ക് | 1,36,129 | 1,32,726 | 3,403 | 510 | 216000668/02.03.17 (arear increment from 7/16 to 1/17) |
| 19 | ഷൈനിമോൾ, സീ.ക്ലാർക്ക് | 51,700 | 50400 | 1,300 | 195 | -do- (arear increment of 12/16, 01/17) |
| | ആകെ | | | | 36,446 | |

ഓഡിറ്റ് എൻക്വയറി നമ്പർ 08/2017 dt. 20.07.17 മറുപടിയിൽ കുടിശ്ശികയായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്

## 3-9 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നല്കിയത് - അംഗീകരിക്കുന്നില്ല

നിർവഹണം: അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട് ആറ് ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പട്ടികജാതിക്കാർക്ക് സ്വയം തൊഴിലിന് ടാക്സി കാർ/പിക് അപ്പ് വാൻ എന്ന പ്രൊജക്ടിൽ (പ്രൊജക്ട് നമ്പർ 154/17) താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം അവർ വാഹനം വാങ്ങിയ ഡീലറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ | വാർഡ് നമ്പർ | ഇൻവോയ്സ് നമ്പർ, ഡീലർ, അക്കൗണ്ട് നമ്പർ | വാഹനത്തിന്റെ മൊത്തം തുക |
|---|---|---|---|---|

| | | | | (including tax) |
|---|---|---|---|---|
| 1 | ഷിജോബ് പാറവെട്ടി (6) | ആറ് | 137/27.2.17, APCO Autobobiles Pvt. Ltd., Manjeri,<br>13650200005434 Federal Bank Manjeri | 11,13,985 |
| 2 | ജയേഷ് അവുഞ്ഞിക്കാടൻ (9) | 14 | 1914/21.3.17, ERAM MOTORS PVT. LTD, Angadippuram,<br>14270200014333, Federal Bank, Kottakkal | 3,54,420<br>(Bill No.10/29.03.17) |
| 3 | അനീഷ് ബാബു പി (10) | 16 | Pathikkal Tempo Link, Moonnampadi, Malappuram<br>0755214000001, Kanara Bank, Malappuram | 10,10,800 |

ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ 11.01.2016 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.7, ക്രമനമ്പർ 6 ൽ വാഹന വിലയുടെ 33 1/3 % ആണ് സബ്സിഡിയായി നല്കേണ്ടതെന്നും പരമാവധി സബ്സിഡി രണ്ട് ലക്ഷം രൂപയായിരിക്കണമെന്നും വ്യക്തമാക്കുന്നു. എന്നാൽ മേൽ പട്ടികയിലെ ക്രമ നമ്പർ (2) ഗുണഭോക്താവിന് അർഹതപ്പെട്ട സബ്സിഡി തുകയായി 1,18,128/- (3,54,420 x 33 1/3%) രൂപയേ നല്കേണ്ടതുള്ളൂ. അധികമായി നല്കിയ 81,872/- രൂപ (2,00,000 – 1,18,128) ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 03/2017 dt. 15.07.17 ഹാജരാക്കിയ മറുപടിയിൽ അശ്രദ്ധ മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും അധികമായി നല്കിയ തുക ഗുണഭോക്താവിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-10 വിനിയോഗസാക്ഷ്യപത്രം കൈപ്പറ്റ് ലഭിച്ചിട്ടില്ല

2016-17 വർഷത്തിൽ സെക്രട്ടറി ചെലവഴിച്ച താഴെ പറയുന്ന തുകകൾക്ക് നാളിതുവരെ കൈപ്പറ്റ്/വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ്, നമ്പർ | തുക | വൗച്ചർ നമ്പർ | കൈമാറിയത് |
|---|---|---|---|---|
| 1 | 48/17 Share for IKM Technical Assistance | 1,09,965 | 21600595/28.1.17 | Executive Director, IKM |
| 2 | 193/17 Contribution to DPC Building Construction | 2,00,000 | 21600688/7.3.17 | Chairperson & Member Secretary, DPC |
| | ആകെ | 3,09,965 | | |

ചെലവഴിച്ച തുകയുടെ കൈപ്പറ്റ് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 3,09,965/-രൂപ തടസത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 14/2017 dt. 21.07.17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-11 മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി - എണ്ണക്കമ്പനികൾക്ക് അധിക തുക നൽകി.

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്കായി സ.ഉ.(സാധാ) നം. 564/ 2017/ ത.സ്വ.ഭ.വ. തീ- 1-3-2017 പ്രകാരം ഗ്രാമ പഞ്ചായത്ത് ടാർ വാങ്ങി നൽകിയിട്ടുണ്ട്. മേലുത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഓരോ പ്രവർത്തിയുടെയും ടാറിന്റെ അവശ്യകതയനുസരിച്ച് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുക താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം അസി. എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേനയാണ് ടാർ വാങ്ങിയിട്ടുള്ളത്. അസി. എഞ്ചിനീയർ ആവശ്യപ്പെട്ടത് പ്രകാരമുള്ള RS1- 34 ബാരൽ, ബിറ്റുമിൻ 259.1 ബാരൽ എന്നിവ ബി.പി.സി.എൽ-ൽ നിന്നും SS1-18 ബാരൽ HINCOL കമ്പനിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. 18,45,450 രൂപ താഴെ

കൊടുത്തിരിക്കുന്ന വിധം പിൻവലിച്ച് 1628654 രൂപ ഭാരത് പെട്രോളിയം കോർപറേഷനും 216796 രൂപ ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമി. കമ്പനിക്കും നൽകിയിട്ടുണ്ട്.

തുക പിൻവലിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 20/ 2016-17, 24-3-17 | 187632 |
| 2 | 21/2016-17, 24-3-17 | 116092 |
| 3 | 22 /2016-17, 24-3-17 | 14681 |
| 4 | 23 /2016-17, 24-3-17 | 76938 |
| 5 | 24/2016-17, 24-3-17 | 116092 |
| 6 | 25/2016-17, 24-3-17 | 40403 |
| 7 | 26 / 2016-17, 24-3-17 | 99899 |
| 8 | 2 7/ 2 016-17, 24-3-17 | 100438 |
| 9 | 28/ 2016-17, 24-3-17 | 57845 |
| 10 | 29 / 2016-17, 24-3-17 | 68640 |
| 11 | 30 /2016-17, 24-3-17 | 49950 |
| 12 | 31 /2016-17, 24-3-17 | 33757 |
| 13 | 32 / 2016-17, 24-3-17 | 76938 |
| 14 | 33/ 2016-17, 24-3-17 | 99899 |
| 15 | 34 / 2016-17, 24-3-17 | 76938 |
| 16 | 35 /2016-17, 24-3-17 | 68640 |
| 17 | 36 / 2016-17, 24-3-17 | 55347 |
| 18 | 37 / 2016-17, 24-3-17 | 52447 |
| 19 | 38 / 2016-17, 24-3-17 | 35006 |
| 20 | 39 / 2016-17, 24-3-17 | 99899 |
| 21 | 40/ 2016-17, 24-3-17 | 99899 |
| 22 | 41/ 2016-17, 24-3-17 | 29608 |
| 23 | ചെക്ക് നമ്പർ-1614244/ 22-3-17 | 188462 (തനത് ഫണ്ട്) |

ആകെ - 18,45,450

ടാർ ഇൻവോയ്സുകളും സ്റ്റോക്ക് റജിസ്റ്ററും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അളവിലാണ് ടാർ ലഭ്യമായിട്ടുള്ളത്. മൊത്തം 17,34,532 രൂപയാണ് ടാറിന്റെ വിലയിനത്തിൽ കമ്പനികൾക്ക് നൽകേണ്ടത്.

വാങ്ങിയ ടാറിന്റെ അളവും വില വിവരവും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ഇൻവോയ്സ് | അളവ് | ഇൻവോയ്സ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | RS-1 | 6300009366/ 27-4-17 | 18 ബാരൽ | 116488 |
| 2 | do | 6300009819/ 28-4-17 | 16 ബാരൽ | 103545 |
| 3 | Bitumin VG-30 | 6300009818/ 28-4-17 | 79 ബാരൽ | 397208 |

| | | | | |
|---|---|---|---|---|
| 4 | do | 6300009368/ 27-4-17 | 80 ബാരൽ | 402236 |
| 5 | do | 6300007405/ 22-4-17 | 100 ബാരൽ | 502795 |
| 6 | SS1 | 6300004807/ 27-4-17 | 18 ബാരൽ | 212260 |

ആകെ- 17,34,532

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ടാർ വാങ്ങുന്നതിന് മാത്രമായി പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് പകരം ഓരോ മരാമത്ത് വർക്കുകൾക്കും ആവശ്യമായ ടാറിന്റെ വില കണക്കാക്കി ടി തുക വർക്കുകളുടെ പ്രൊജക്റ്റ് തുകയിൽ നിന്നും പിൻവലിച്ചാണ് ടാർ വാങ്ങിയിട്ടുള്ളത്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്.

2. ഇൻവോയ്സ് പ്രകാരം 17,34,532 രൂപയുടെ ടാർ ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ മേൽ കമ്പനികൾക്ക് 18,45,450 രൂപ ടാറിന്റെ വിലയായി നൽകിയിട്ടുണ്ട്. 110918 രൂപ രണ്ട് കമ്പനികൾക്കുമായി അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല.

3. ബിറ്റുമിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവിനത്തിൽ 61000 രൂപ എ.സി.എസ് ട്രാൻസ്പോർട്ടേഴ്സ്, കൊച്ചിക്ക് നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ-21700286 /4-7-17) എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്, കയറ്റിറക്ക് കൂലി എന്നിവ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

ടാർ വാങ്ങി നല്കിയ 25 പ്രവൃത്തികളുടെയും പൂർത്തീകരണ വിവരം അറിയിക്കേണ്ടതും അന്തിമ ബില്ലിൽ നിന്നും ട്രാൻസ്പോർടേഷൻ ചാർജ് ഉൾപ്പെടെയുള്ള ടാറിന്റെ വില കുറവ് ചെയ്തു ഫൈനൽ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

എണ്ണക്കമ്പനികൾക്ക് അധികം നൽകിയ 110918 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അസി. എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും ബാധ്യതയായി കാണുന്നു.

## 3-12 പഞ്ചായത്ത് കളിസ്ഥലം ഉപയോഗപ്രദമാക്കിയിട്ടില്ല

2016-17 വർഷം ലോകബാങ്ക് ധനസഹായത്തിൽ നിന്നും 19,45,334 രൂപ വിനിയോഗിച്ച് (പ്രൊജക്റ്റ് നമ്പർ-187/ 17) പഞ്ചായത്ത് കളിസ്ഥലത്തിന് ചുറ്റും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കരിങ്കൽ പടവ്, ചെങ്കൽ പടവ്, RCC ബെൽറ്റ്/ വർക്ക്, സിമന്റ് കോൺക്രീറ്റ് വർക്ക്, പ്ലാസ്റ്ററിംഗ്, എർത്ത് ഫില്ലിംഗ് തുടങ്ങിയ ഇനം പ്രവൃത്തികളെല്ലാം ഇതിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്. എന്നാൽ കളിസ്ഥലത്തിന്റെ ഉപരിതലം ഒരേ ലവലിൽ മണ്ണ് ഫില്ല് ചെയ്ത് സമപ്പെടുത്തി കായിക പരിശീലനത്തിന് പ്രയോജനപ്പെടുന്ന രീതിയിലേക്ക് പരിവർത്തിപ്പിച്ചിട്ടില്ല. ആയതിനാൽ കളിസ്ഥലം ഇപ്പോൾ കായിക പരിശീലനങ്ങൾക്ക് ഉപയോഗപ്രദമല്ല. മാത്രമല്ല കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചെങ്കിലും ഗേറ്റ് സ്ഥാപിച്ചിട്ടുമില്ല.

പഞ്ചായത്ത് കളിസ്ഥലം കായിക പരിശീലനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ പരിവർത്തിപ്പിച്ച് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഊർജ്ജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

## 3-13 കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക നിക്ഷേപിച്ചു- വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല.

ചുടലപ്പാറ വെട്ടുതോട്- കോട്ടമാട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-185/17) 400000 രൂപ താഴെ കൊടുത്തിട്ടുള്ള വിധം കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (A/C.No.67000676537) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ / ചെക്ക് നമ്പർ | തുക | ഫണ്ടിനം |
|---|---|---|
| 57/ 2016-17, 31-3-17 | 130000 | പ്ലാൻ |
| 010886/ 30-3-2017 | 270000 | തനത് |

ആകെ- 400000

എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ടി-തുകയ്ക്കുള്ള വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/ 21-7-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 400000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 39,110 | പ്രൊജക്ട് നം. 40/17 പരിരക്ഷ പാലിയേറ്റീവ് പരിചരണം | 39,110 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചുടലപ്പാറ വെട്ട്തോട് പൈപ്പ് ലൈൻ നീട്ടൽ | 57/ 2016-17, 31-3-17 | 130,000 പ്ലാൻ ഫണ്ട് | - | - | 400,000 |
| | | 010886/ 30-3-2017 | 270,000 തനത് ഫണ്ട് | | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

### 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,28,73,421 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,86,09,745 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,41,485 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5564248 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 42,513 | ശ്രീ സന്തോഷ് കുമാർ, അസി. എഞ്ചിനിയർ |
| 3-4 | 6,182 | ശ്രീമതി. കമലാഭായി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-9 | 81,872 | ശ്രീ രമേഷ് പി , അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 110918 | ശ്രീ സന്തോഷ് കുമാർ, അസി. എഞ്ചിനിയർ (55459/-)<br>ശ്രീ.രാജശേഖരൻ.പി., സെക്രട്ടറി (55459/-) |
| ആകെ | 2,41,485 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,19,817 | ഡോ. ദിവ്യ മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-6 | 3,16,400 | ഡോ.സുന്ദര, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-7 | 45,000 | ശ്രീ.അബ്ദു റഷീദ് സി, ഹെഡ്മാസ്റ്റർ |
| 3-10 | 3,09,965 | ശ്രീ. രാമകൃഷ്ണൻ.പി, സെക്രട്ടറി |
| 3-13 | 4,00,000 | ശ്രീ. ശ്രീ സന്തോഷ് കുമാർ, അസി. എഞ്ചിനിയർ |
| ആകെ | 12,91,182 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രമേഷ് പി , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | രാജേന്ദ്രൻ ഭവൻ<br>പെരുവള്ളൂർ പി ഒ<br>മലപ്പുറം |
| ശ്രീ സന്തോഷ് കുമാർ, അസി. എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കുറുവ ഗ്രാമ പഞ്ചായത്ത് | തപസ്യ,<br>കുറുമങ്ങൽ പി ഒ, |

| | | |
|---|---|---|
| | | പുറ്റിങ്ങൽ വെസ്റ്റ്, പറവൂർ, കൊല്ലം |
| ശ്രീമതി. കമലാഭായി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | ചോലാടംകുന്ന് ഹൗസ് ചാലിയാപുറം മൊറയൂർ പി ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ എഫ് എം 10/202/05 തിയ്യതി 02.09.10 | 2 |
| 2003-04 | എൽ എഫ് എം 10/1292/08 തിയ്യതി 02.09.10 | 15 |
| 2004-05 | എൽ എഫ് എം 10/1234/09 തിയ്യതി 02.09.10 | 2 |
| 2005-06 | എൽ എഫ് എം 14/2562/2011 തിയ്യതി 24.02.10 | 12 |
| 2006-07 | എൽ എഫ് എം 14/668/10 തിയ്യതി 24.02.10 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011 തിയ്യതി 19.11.2011 | 12 |
| 2008-09 to 2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.13 | 27 |
| 2011-12 ,2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 10.02.16 | 33 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.17 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/2016 തീയതി.05-12-2016 | 8 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.14/1785/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 11-09-17

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## Annexure-2

## AUDIT CERTIFICATE

No.KSA/MPM.14/1785/2017

Kerala State Audit Department
District office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 11-09-17

Certified that I have audited the Annual Financial Statement of Kannamangalam Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kannamangalam Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram